# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1993 — 16.02.2016-ൽ മറുപടിയ്ക്ക്

## പുനലൂർ വനം ഡിവിഷൻ പരിധിയിലെ മരങ്ങൾ മുറിയ്ക്കുന്നതിന് അനുമതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബി.സത്യൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി) |
| എ) | കൊല്ലം ജില്ലയിലെ പുനലൂർ വനം ഡിവിഷൻ പരിധിയിൽ സർക്കാർ ഉടമസ്ഥതയിൽ ഉള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരം മുറിയ്ക്കുന്നതിന് അനുമതി നൽകുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും സെക്ഷൻ ഏതാണെന്നും വ്യക്തമാക്കാമോ ? | എ) | പൊതുസ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിയ്ക്കുന്നതിന് അനുമതി നൽകുന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) കൺവീനറും , അതാത് പഞ്ചായത്ത് പ്രസിഡന്റ്മാർ മെമ്പർമാരുമായിട്ടുള്ള ട്രീ കമ്മിറ്റിയാണ്. |
| ബി) | 2011 ഏപ്രിൽ മുതൽ ഇതുവരെ പുനലൂർ വനം ഡിവിഷന്റെ പരിധിയിൽ ഉള്ള സ്ഥലങ്ങളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിയ്ക്കായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുണ്ടെന്നും വ്യക്തമാക്കാമോ ? | ബി) | 2011 ഏപ്രിൽ മുതൽ കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിലുള്ള പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചിന്റെ പരിധിയിൽപ്പെടുന്ന സ്ഥലങ്ങളിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട് 557 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ 494 അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുള്ളതും ബാക്കി 63 അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുള്ളതുമാണ്. |
| സി) | പ്രസ്തുത അപേക്ഷകൾ ലഭിച്ച തീയതിയും , അനുമതിയ്ക്കായി കമ്മിറ്റി കൂടിയ തീയതിയും , ഓരോ അപേക്ഷകളിന്മേലും തീരുമാനമെടുത്ത തീയതിയും വ്യക്തമാക്കാമോ? | സി) | വിവരങ്ങൾ ശേഖരിച്ചുവരുന്നു. |

| | | |
|---|---|---|
| ഡി) | മരം മുറിയ്ക്കുന്നതിന് അനുമതി ചോദിച്ചുകൊണ്ട് നൽകുന്ന അപേക്ഷകളിന്മേൽ എത്ര ദിവസത്തിനകം മറുപടി നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) ട്രീ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ മരം മുറിയ്ക്കുന്നതിനുള്ള അപേക്ഷ ലഭിച്ച് 7 ദിവസത്തിനകം കമ്മിറ്റി കൺവീനറായ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, ട്രീ കമ്മിറ്റി ചെയർമാനുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ സ്ഥല പരിശോധനയ്ക്കായി തീയതി നിശ്ചയിക്കുന്നതാണെന്നും , പരിശോധന നടന്ന തീയതി മുതൽ 7 ദിവസത്തിനകം അപേക്ഷകനെ കമ്മിറ്റി തീരുമാനം അറിയിക്കുന്നതാണെന്നും പ്രതിപാദിച്ചിട്ടുണ്ട് . |
| ഇ) | പുനലൂർ വനം ഡിവിഷന് കീഴിൽ അനുമതി ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നടപടി എടുക്കുന്നതിന് കാലതാമസം വരുന്നതായി വ്യാപക പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഇ) ഇല്ല |
| എഫ്) | കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഏതുതരം അച്ചടക്ക നടപടിയാണ് സ്വീകരിക്കാറുള്ളത് എന്നും, പ്രസ്തുത വനം ഡിവിഷനിൽ ഇക്കാര്യത്തിനായി ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ? | എഫ്) ഉത്തരം 'ഇ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ